കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ
ഉന്നത വിദ്യാഭ്യാസ വകുപ്പ്, കേരള സർക്കാർ

**കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (കെ.ഐ.ആർ.എഫ്)**

**No. KSHEC-A7/719/MS/Drct/2023** **04/07/2023**

## കേരള റാങ്കിംഗ്സ് 2023

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്ന പ്രഥമ പദ്ധതിയായ കെ.ഐ.ആർ.എഫ്, 2023 മെയ് 3 ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ റാങ്കിംഗ് സംവിധാനത്തിന്റെ ആദ്യ പതിപ്പായ കേരള റാങ്കിംഗ്സ് 2023 നുവേണ്ടി കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

എൻ.ഐ.ആർ.എഫ് മാതൃകയുടെ അടിസ്ഥാന മൂല്യങ്ങളും ഘടകങ്ങളും ഉൾക്കൊണ്ടുകൊണ്ട്, സംസ്ഥാനാധിഷ്ഠിത വിദ്യാഭ്യാസ വീക്ഷണങ്ങൾ മുൻനിർത്തി, ശാസ്ത്രീയ മനോഭാവം, മതനിരപേക്ഷ കാഴ്ചപ്പാട് എന്നീ ഘടകങ്ങൾകൂടി കെ.ഐ.ആർ.എഫ് ൽ അവതരിപ്പിക്കുന്നുണ്ട്.

ഓൾ കേരള ഹയർ എഡ്യുക്കേഷൻ സർവേ (AKHES) യിൽ പങ്കാളികളായിട്ടുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പ്രീ-രജിസ്റ്റേർഡ് സ്ഥാപനങ്ങളായി പരിഗണിക്കുന്നതാണ്. കേരള റാങ്കിംഗ്സ് 2023 ൽ പങ്കെടുക്കാനാഗ്രഹിക്കുന്ന, ഇനിയും മേൽപ്പറഞ്ഞ സർവ്വേയിൽ പങ്കാളികളായിട്ടില്ലാത്ത സ്ഥാപനങ്ങൾ https://kirf.kshec.org/ എന്ന വെബ്സൈറ്റ് സന്ദർശിച്ച്, രജിസ്ട്രേഷൻ നടത്തേണ്ടതാണ്. അന്വേഷണങ്ങൾക്ക് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ kirf.kshec@org എന്ന ഇ-മെയിൽ വിലാസത്തിലോ, 0471-2301293, 7561018708, 8921975507 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

2023 ജൂലൈ 5 ന് രജിസ്ട്രേഷൻ ആരംഭിക്കും.

**മെമ്പർ സെക്രട്ടറി**